**ഭരണഭാഷ - മാതൃഭാഷ**

നം.എച്ച്1/19715/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 18/11/2019.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ബാലാവകാശ സംരക്ഷണ നിയമം - വിദ്യാലയങ്ങളിൽ പരസ്യമായി യോഗം വിളിച്ച് ബലഹീനരെ സഹായിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- ബഹു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 15/5/2019 ലെ സി.ആർ.എം.പി. നമ്പർ/2688/01-ആർ/സി1/2017/കെ.ഇ.എസ്.സി.പി.സി. ആർ നമ്പർ ഉത്തരവ്.

****

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി അവരുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് വിതരണം ചെയ്യുന്ന വിവിധ സഹായങ്ങളും സേവനങ്ങളും പൊതുപരിപാടികളിൽ വെച്ചോ പരസ്യമായോ വിതരണം ചെയ്യുന്നത് അവസാനിപ്പിക്കേണ്ടതും അത്തരം സഹായങ്ങളും മറ്റും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുമ്പോൾ ആയത് ഒരിക്കലും കുട്ടികളുടെ സ്വകാര്യതയെയോ ആത്മാഭിമാനത്തെയോ ബാധിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നതിനും, അത്തരത്തിലുള്ള സഹായങ്ങൾ പരസ്യമായി സ്വീകരിക്കുന്നതു മൂലം ഒരു കുട്ടിയും മാനസിക പ്രയാസം അനുഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നതിനും 2005 ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം ബഹു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സൂചന ഉത്തരവ് പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ നിറഞ്ഞ സദസ്സിൽ പേര് വിളിച്ച്, സഹപാഠികളുടെയും അദ്ധ്യാപകരുടെയും മുൻപിൽ വച്ച് സഹായധനമോ, പഠന സഹായക വസ്തുക്കളോ നൽകുന്നതും, സഹായം നൽകുന്ന കുട്ടികളുടെ പേരും ഫോട്ടോയും വച്ച് പരസ്യം കൊടുക്കുന്നതും പ്രചാരണം നടത്തുന്നതും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

കുട്ടികളുടെ ക്ഷേമവും, പുരോഗതിയും മുൻനിർത്തി നൽകുന്ന സഹായ വിതരണങ്ങൾ ഒരിക്കലും അവരുടെ ആത്മാഭിമാനം തകർക്കും വിധമാകാൻ പാടില്ല. കുട്ടികളുടെ അവകാശങ്ങളെ ഉൾക്കൊണ്ട്, അവരോട് ചേർന്നു നിന്നുകൊണ്ട്, അവർക്കാവശ്യമായ സഹായങ്ങൾ, സ്വകാര്യതയ്ക്ക് ഭംഗം വരാത്ത രീതിയിൽ വിതരണം ചെയ്യാവുന്നതാണ്. സഹായങ്ങൾ സ്വീകരിക്കുന്ന കുട്ടികൾ മറ്റുള്ള കുട്ടികൾക്കിടയിൽ രണ്ടാം തരം പൗരൻമാരായി ചിത്രീകരിക്കപ്പെടുന്ന സാഹചര്യവും പൂർണ്ണമായി ഒഴിവാക്കപ്പെടേണ്ടതാണ്. സംസ്ഥാനത്തെ പല വിദ്യാലയങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പി.റ്റി.എ, സന്നദ്ധ സംഘടനകൾ എന്നിവ സ്കൂൾ യൂണിഫോം, സ്കൂൾ ബാഗ്, നോട്ട്ബുക്കുകൾ, മറ്റ് പഠനോപകരണങ്ങൾ എന്നിവ, പരസ്യപ്രചാരണം നടത്തിയും, പൊതുയോഗങ്ങൾ സംഘടിപ്പിച്ചും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ കുട്ടികൾക്ക് സഹായവിതരണം ചെയ്യുമ്പോൾ യാതൊരുവിധ പരസ്യ പ്രചാരണവും നടത്തുന്നില്ലായെന്ന്, വിദ്യാഭ്യാസ ഉപഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ (വി.എച്ച്.എസ്.ഇ.), റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, (ഹയർ സെക്കൻഡറി), ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, പ്രിൻസിപ്പൽ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഹെഡ്മാസ്റ്റർമാർ എന്നിവർ ഉറപ്പു വരുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

<u>സ്വീകർത്താവ്</u>

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ (ഹയർ സെക്കൻഡറി വിഭാഗം)
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർ (വി.എച്ച്.എസ്.ഇ. വിഭാഗം)
4. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
5. എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

<u>പകർപ്പ്</u>

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ/പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)/പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) - സി.എ. മുഖേന
2. സ്റ്റോക്ക് ഫയൽ